പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 734 — 20.3.2013-ലെ മറുപടിക്ക്

## സർക്കാർ ലാബുകളുടെ നടത്തിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ ലാബുകളുടെ നടത്തിപ്പ് ചുമതല ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്; | എ) സർക്കാർ ലാബുകളുടെ നടത്തിപ്പ് ചുമതല ബന്ധപ്പെട്ട സ്ഥാപന മേധാവികളെയാണ് ഏൽപ്പിച്ചിട്ടുള്ളത് |
| ബി) നിലവിൽ സ്ഥിരം ജീവനക്കാരായി എത്ര ടെക്നീഷ്യൻമാരാണുള്ളത്; ഇവിടെ നിയമനം നടത്തിയിട്ട് എത്ര വർഷമായി; നിയമനം നടത്തുന്നതിന് നിലവിൽ പി.എസ്. സി. ലിസ്റ്റുണ്ടോ ; | ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും ലബോറട്ടറികളിലുമായി 507 സ്ഥിരം ജീവനക്കാരാണ് നിലവിലുള്ളത്. 2008-ൽ ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലാണ് ഏറ്റവും ഒടുവിലായി നിയമനം നടത്തിയത്. സംസ്ഥാനത്തെ ഒരു ജില്ലയിലും പി.എസ്.സി ലിസ്റ്റ് നിലവിലില്ല. |
| സി) സംസ്ഥാനത്തൊട്ടാകെ എത്ര താൽക്കാലിക ടെക്നീഷ്യൻമാരെയാണ് നിയമിച്ചിട്ടുള്ളത്; താൽക്കാലിക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ? | സി) സംസ്ഥാനത്തൊട്ടാകെ 267 ലാബ് ടെക്നീഷ്യൻമാരെയാണ് എംപ്ലോയ്മെന്റ് /എൻ.ആർ.എച്ച്.എം/ ആർ.എസ്.ബി.വൈ മുഖേന താത്ക്കാലികമായി നിയോഗിച്ചിട്ടുള്ളത്. 30.4.74 -ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.144/74/ആരോഗ്യം പ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരെയാണ് കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ